തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു ക്ഷേമനിധിബോർഡ് കേന്ദ്ര ഗവൺമെൻറിൻെറ കീഴിൽ ബാംഗ്ളൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ബീഡിത്തൊഴിലാളികൾക്ക് ഈ ബോർഡിൻെറ വകയായി ഭവന നിർമ്മാണത്തിനുള്ള വായ്പ, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടി സ്കോളർഷിപ്പ്, വൈദ്യസഹായം ഇവയൊക്കെ നൽകുന്നുണ്ട്. ബീഡി-സിഗാർ ആക്ടിലെ വ്യവസ്ഥയനുസരിച്ച് അതിലെ തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ് കൊടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഐഡൻറിറ്റി കാർഡ് ലഭിച്ച ആളുകൾക്കു മാത്രമേ ഇതിന് അവകാശമുള്ളൂ എന്നാണ് നിയമം. അത് കൊടുക്കാതിരുന്നാൽ അതിന് ശിക്ഷാവിധികളൊന്നും ബീഡി-സിഗാർ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നുള്ളതുകൊണ്ട് അത് ഇംപ്ലിമെൻറ് ചെയ്യാൻ പ്രയാസമുണ്ട്. ഈ പരിതഃസ്ഥിതിയിൽ, ബീഡി-സിഗാർ ആക്ട് ഒരു വലിയ ഒരു വളൻെറ അടിസ്ഥാനത്തിൽ ഭേദഗതിചെയ്തു മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ രജിസ്ട്രേഷനുവേണ്ട എല്ലാ നടപടികളും നടന്നു വരുന്നു. എന്നാൽ ക്ഷേമനിധി ബോർഡ് ഇപ്പോഴും ഐഡൻറിറ്റി കാർഡ് കൊടുക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പും മറ്റും കൊടുക്കുന്നുള്ളൂ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഈ വൈഷമ്യം വന്നിരിക്കുന്നത്. കേരളത്തിൽ ഇതിനൊരു അഡ്വൈസറി കമ്മിറ്റിയുണ്ട്. ഈ അഡ്വൈസറി കമ്മിറ്റി മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും നൽകുന്ന ഐഡൻറിറ്റി കാർഡും സ്കോളർഷിപ്പിന് പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശ കേന്ദ്ര ക്ഷേമനിധി ബോർഡിൻെറ പരിഗണനയിലാണ്. മിനിമം വേജസും ഡി.എ.യും ഓരോ പ്രാവശ്യവും റിവൈസ് ചെയ്യുമ്പോഴും കമ്മീഷണറുടെ സാന്നിദ്ധ്യത്തിലുള്ള കോൺഫറൻസിലായിരിക്കണമെന്ന് ഒരു എഗ്രിമെൻറുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഏപ്രിൽ ഒന്നാം തീയതി കോൺഫറൻസ് വച്ചിട്ടുണ്ട്; അന്ന് ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : മന്ത്രിയുടെ മറുപടിയിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാൻ വേണ്ട നടപടികളെടുത്തിട്ടുണ്ട് എന്നു പറഞ്ഞു. കർശനമായി രജിസ്റ്റർ ചെയ്യിക്കുന്നതിനും ഐഡൻറിറ്റി കാർഡ് കൊടുക്കുന്നതിനുമുള്ള നടപടികളെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ : തുടർന്നും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഡയറക്ഷൻ കൊടുക്കുന്നതാണ്.

(2) കൊച്ചിൻ ഓയിൽ റിഫൈനറിയിലെ പൊട്ടിത്തെറിയും തീപിടിത്തവും

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, കൊച്ചിയിലെ അമ്പലമേട്ടിൽ പ്രവർത്തിക്കുന്ന ഓയിൽ റിഫൈനറിയിൽ കഴിഞ്ഞ ഫെബ്രുവരി മാസം 27-ാം തീയതി വ്യാഴാഴ്ച രാത്രിയിലുണ്ടായ അതിഭയങ്കരമായ പൊട്ടിത്തെറിയും തീപിടുത്തവും കൊണ്ട് നാല് ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ മൂന്നു പേർ മരിക്കുകയും ചെയ്തു ഇത് രണ്ടാമത്തെ സംഭവമാണ്. 1984-ൽ അതിഭയങ്കരമായ പൊട്ടിത്തെറിയു

LIBRARY ARCHIVES Kerala Legislative Assembly

തീപിടിത്തവും അവിടെ നടന്നു. അതുമൂലം നൂറുകണക്കിന് വീടുകളും നശിക്കുകയും തൊഴിലാളികളും മരിക്കുകയും വളരെയേറെപേർക്ക് അപകടങ്ങളുണ്ടാവുകയും ഈ രാജ്യത്തെയാകെ ഞെട്ടിപ്പിക്കുകയും ചെയ്തു. കൊച്ചിൻ ഓയിൽ റിഫൈനറിയിൽ യാതൊരുവിധ സുരക്ഷിതത്വ നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. കൊച്ചിയിൽ ഓയിൽ റിഫൈനറി ആരംഭിക്കുന്നകാലത്ത് ഉണ്ടായിരുന്നതിനേക്കാളും ഉൽപ്പാദനം ഇരട്ടിയിലധികം ഇന്ന് വർദ്ധിച്ചിട്ടുണ്ട്. പുതിയ പുതിയ പല പ്ലാന്റുകളും അവിടെ ഉണ്ടായിട്ടുണ്ട്. പക്ഷേ കൊച്ചിൻ, ഓയിൽ റിഫൈനറി ആരംഭിക്കുന്ന കാലത്ത് ഉണ്ടായിരുന്ന സുരക്ഷിതത്വനടപടികളും തന്നെയാണ് ഇപ്പോഴും അവിടെ നിലനിൽക്കുന്നത്. അവിടെ ഒപൊട്ടിത്തെറിക്കും തീപിടിത്തത്തിനും വളരെയേറെ സാദ്ധ്യതയുള്ള സ്ഥലമാണ്. ഈയിടെ പൊട്ടിത്തെറിച്ചത് പാചകവാതക പ്ലാന്റാണ്. ആ പ്ലാന്റിന്റെ തൊട്ടടുത്താണ് നാഫ്താപ്ലാന്റ് സ്ഥിതി ചെയ്യുന്നത്. ഈ പാചകവാതകപ്ലാന്റ് പൊട്ടിത്തെറിച്ച് തീപിടിച്ച് നാഫ്താപ്ലാന്റിന്റെ അടുത്തേക്ക് തീ പാറിയാൽ ഉണ്ടാകാവുന്ന അപകടം വിവരിക്കാനാവാത്തതാണ്. ആയിരക്കണക്കിനാളുകളും പണിയെടുക്കുന്ന ഓയിൽറിഫൈനറിക്കകത്തുണ്ടാകുന്ന അപകടങ്ങളെ നിയന്ത്രിച്ചു നിറുത്തുന്നതിനോ സുരക്ഷിതത്വം നൽകുന്നതിനോ ആ മാനേജുമെന്റിന് യാതൊരു ഉത്തരവാദിത്വവുമില്ലാതെ നിരുത്തരവാദപരമായാണ് പെരുമാറുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ രണ്ടു ഫയർ എൻജിനുണ്ട്. ആ ഫയർ എൻജിനുകളിലേക്ക് ഡ്രൈവറെപ്പോലും നിയോഗിച്ചിട്ടില്ല. ആ ഫയർ എൻജിനുകളിലേക്ക് തൊഴിലാളികളിൽ നിന്ന് other duty കൊടുത്ത് ഡ്രൈവർമാരെ വയ്ക്കുകയാണ്. അവിടെ ഒരു ഫയർഫോഴ്സുമില്ല. ഫയർഫോഴ്സിലേക്ക് ആളുകളെ ആവശ്യം വരുമ്പോൾ തൊഴിലാളികളിൽനിന്നും എടുക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞതവണ അവിടെ പൊട്ടിത്തെറിയുണ്ടായി. തീപിടിച്ചപ്പോൾ അവിടത്തെ ഫയർ എൻജിൻ കത്തിപ്പോയി. പൊട്ടിത്തെറിയുണ്ടായപ്പോൾ അവിടെ കാത്തിരുന്ന ഡ്രൈവർ ഓടി സ്ഥലം വിട്ടു. അവിടെ ആവശ്യമുള്ള ഫയർ എൻജിനില്ല. ഉള്ള ഫയർ എൻജിൻ പ്രവർത്തിപ്പിക്കാൻ ഡ്രൈവർമാരില്ല. ഫയർഫോഴ്സില്ല. മാത്രമല്ല യാതൊരുവിധ സുരക്ഷിതത്വ നടപടിയും എടുത്തിട്ടില്ല. എടുക്കാൻ ആ മാനേജ്മെന്റിന് താൽപ്പര്യവുമില്ല. ആ ഓയിൽ റിഫൈനറിയുടെ ചുറ്റും ആളുകളും താമസിക്കുകയാണ്. ഓയിൽ റിഫൈനറിയുടെ മുൻപിലൂടെയാണ് എറണാകുളം-ആലുവ മെയിൻറോഡ് കടന്നു പോകുന്നത്. ആ മെയിൻറോഡിന്റെ ഭാഗത്ത് നിരത്തി നിരത്തിയാണ് ടാങ്കുകൾ കെട്ടിവച്ചിട്ടുള്ളത്. ആരെങ്കിലും ആ റോഡിൽക്കൂടി പോകുമ്പോൾ ഒരു സിഗരറ്റ് വലിച്ച കുറ്റി ആ പറമ്പിലേക്ക് ഇട്ടാൽ, ഒരു തീപ്പെട്ടിക്കൊള്ളി പറന്നു വീണാൽ ആ സ്ഥലം മുഴുവൻ കത്തിനശിക്കും. വിദേശത്തുള്ള ഓയിൽറിഫൈനറികളിൽ 25 കിലോമീറ്റർ ദൂരം സുരക്ഷിത മേഖലയായി പ്രഖ്യാപിച്ച് കമ്പനി മതിൽ കെട്ടി അവിടെ താമസിക്കുന്ന ആളുകളെ മാറിത്താമസിപ്പിക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കൊച്ചിയിലാണെങ്കിൽ ഒരു കിലോമീറ്റർ ദൂരം പോലുമില്ല ആളുകളും താമസിക്കുന്ന സ്ഥലത്തേക്ക് പോകാൻ. അത്രയേറെ ദുർഘടമായ അവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. ഇത്തവണ പൊട്ടിത്തെറിയുണ്ടായി പാചകവാതക പ്ലാന്റിൽ നിന്ന് തീ നാഫ്താപ്ലാന്റിലേക്ക് വ്യാപിച്ച് നാട് നശിക്കാതിരിക്കാൻ ജനങ്ങളും മരിക്കാതിരിക്കാൻ ജനങ്ങളേയും നാടിനേയും രക്ഷിക്കാൻവേണ്ടി നാഫ്താപ്ലാന്റിൽ ജോലി ചെയ്തിരുന്ന ആളുകളാണ് ആ തീയിലേക്ക് എടുത്തുചാടി പരിക്കുപറ്റി മരണപ്പെട്ടത്. അവർ ഈ രാജ്യത്തിനുവേണ്ടി ചെയ്ത സേവനങ്ങളും ഈ ഗവൺമെന്റ് അംഗീകരിക്കണം. ആ കമ്പനിയെക്കൊണ്ട് അവരുടെ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം കൊടുപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അവരുടെ കുടുംബങ്ങളെ രക്ഷിക്കാനുള്ള നടപടി ആ മാനേജുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കിക്കണം. മാത്രമല്ല ഇനി അവിടെ ഒരിക്കലും അപകടം ഉണ്ടാകാത്ത വിധത്തിൽ ആവശ്യമായ സുരക്ഷിതത്വ നടപടികളും എടുക്കുന്നതിന് ഈ ഗവൺമെന്റ് കർക്കശമായ നടപടി സ്വീകരിക്കണം. മൂന്ന് ആളുകളുടെ മരണത്തിനിടയാക്കിയ ഇത്ര ഭീകരമായ സംഭവത്തെക്കുറിച്ച് പത്ര സമ്മേളനം നടത്തുന്നതിന് ആ മാനേജുമെന്റ് എറണാകുളത്തെ സി ലോർഡ് ഹോട്ടലിലാണ് പത്ര സമ്മേളനം വിളിച്ചത്. പത്ര സമ്മേളനത്തിൽ പങ്കെടുത്ത പത്രപ്രതിനിധികൾക്ക് സമ്മാനപ്പൊതികൾ വിതരണം ചെയ്തു എന്നു കേൾക്കുമ്പോൾ ഓയിൽ റിഫൈനറിയുടെ മാനേജുമെന്റേ, നിന്റെ പേരോ ലജ്ജാവഹം എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇത്ര നീചവും നികൃഷ്ടവും നിന്ദ്യവുമായ ക്രൂര വിനോദം നടത്തുന്ന ഒരു മാനേജുമെന്റ് ഈ രാജ്യത്ത് മറ്റെതെങ്കിലും വ്യവസായത്തിലുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. ഈ ക്രൂരമായ വിനോദം നടത്തുന്ന നിഷ്ഠൂരമായ, നീചമായ പ്രവർത്തനങ്ങൾ നടത്തുന്ന കൊച്ചിൻ ഓയിൽ റിഫൈനറിയുടെ മാനേജുമെന്റിന് കടിഞ്ഞാണിടാൻ കേരള ഗവൺമെന്റിനും, കേന്ദ്രഗവൺമെന്റിനും സാദ്ധ്യമാവില്ലേ? ആ മാനേജുമെന്റ് ഈ ഗവൺമെന്റുകൾക്കൊക്കെ അതീതമാണോ? ആ മാനേജുമെന്റ് ജനങ്ങൾക്കതീതമാണോ? ആ മാനേജുമെന്റ് നിയമത്തിനതീതമാണോ? , ആരായിരുന്നാലും ശരി നിയമത്തിന്റെ മുമ്പിൽ അവരെ കൊണ്ടുവന്ന് മാതൃകാപരമായി നടപടിയെടുക്കാനും. അവിടെ ആവശ്യമായ സുരക്ഷിതത്വ നടപടികളും സ്വീകരിക്കാനും ഈ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ കെമിക്കൽ ഇൻഡസ്ട്രീയെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു സ്ഥിതിവിശേഷമുണ്ടെന്നുള്ളത് ഒപൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സത്യമാണ്. വിശേഷിച്ചും ഭോപ്പാൽ ദുരന്തത്തിനുശേഷമാണ് ജനങ്ങൾക്ക് ഇതിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലായത്. അതിനെത്തുടർന്ന് വളരെയധികം ഉൽക്കണ്ഠയുണ്ട്. നമ്മുടെ കൊച്ചിൻ ഓയിൽ റിഫൈനറിയിലെ സംഭവം 'താൽക്കാലികമായിട്ടല്ല. കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങളും വളരെയധികം ഉൽക്കണ്ഠയിലാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുതന്നെ ഗവൺമെന്റ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഓഫീസറെ ഇതിൻമേൽ എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്നു പരിശോധിക്കാൻ വേണ്ടി നിയോഗിച്ചു. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ആവശ്യമുള്ള സംരക്ഷണവ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ ഗവൺമെന്റിന് അധികാരമുണ്ട്, അതനുസരിച്ച് നടപടികൾ സ്വീകരിക്കണമെന്നാണ്. ഈ സംഭവത്തിനുശേഷം കൊച്ചിയിൽ, ബന്ധപ്പെട്ട കേന്ദ്രഗവൺമെന്റിനേറെയും പൊതുമേഖലാ സ്ഥാപനങ്ങളിലേറെയും ഭാരവാഹികളെ വിളിച്ചുകൂട്ടി ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ആ ചർച്ചയുടെ ഫലമായി ഭാവിയിൽ അപകടം, സംഭവിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് മാനേജിംഗ് ഡയറക്ടർമാരും ചെയർമാൻമാരുമടങ്ങിയ സമ്മേളനത്തിൽവച്ച് ഉറപ്പ് നൽകിയെങ്കിലും തൃപ്തികരമായി കാര്യങ്ങൾ പുരോഗമിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഓയിൽ റിഫൈനറിയെ സംബന്ധിച്ചിടത്തോളം പൈപ്പ് പോകുന്ന കാര്യം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടി. നിർഭാഗ്യവശാൽ ഇതിന്റെ പ്ലാനിംഗ് തന്നെ തകരാറിലാണെന്നാണ് അറിയുന്നത്. അതായത്, പൈപ്പ് പോകുന്നതിന്റെ മേലെകൂടി

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് റോഡ് വന്ന് വളരെ ഭാരം കൂടിയ വാഹനങ്ങൾ തുടർച്ചയായി പോകുന്നതുകൊണ്ട് ഈ പൈപ്പിന്റെതന്നെ സുരക്ഷിതത്വം ഇല്ലാതാകുന്നു എന്നാണ് വിദഗ്ധാഭിപ്രായം. ഏതായാലും ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കാൻ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മൂന്നു മാസത്തിനകം റിപ്പോർട്ട് തരണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ആ കമ്മറ്റി, അവർക്ക് അൽപ്പം കൂടി സാവകാശം വേണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ വിവിധ വശങ്ങളും പരിശോധിക്കാൻ, വിശേഷിച്ചും സാങ്കേതികമായി വളരെയധികം നൂലാമാലകളുള്ള ഒരു സംഭവമായതുകൊണ്ട് അവർ അൽപ്പംകൂടി സമയം ചോദിച്ചു. അങ്ങനെ മൂന്നു മാസം കൂടി സമയം നൽകിയിരിക്കുകയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഈ ഗൗരവതരമായ സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ടതു ചെയ്യാം. സംസ്ഥാന ഗവൺമെന്റിനു ചെയ്യാവുന്ന നടപടികളും സ്വീകരിക്കാം. ഗവൺമെന്റിനു ആ കാര്യം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ജനങ്ങൾ വളരെ ബേവിഹലരായി കഴിയുകയാണ്. ഭാഗ്യവശാൽ കഴിഞ്ഞ തവണത്തെ തീപിടുത്തം ഈശ്വരാനുഗ്രഹം കൊണ്ടെന്നു പറയട്ടെ, ഇങ്ങനെ തീർന്നില്ലായിരുന്നുവെങ്കിൽ കൊച്ചിനഗരം മുഴുവൻ കത്തിയെരിയുമായിരുന്നു. അതിനെക്കുറിച്ച് വിവരമുള്ള ആളുകളും കണ്ടറിഞ്ഞ ആളുകളും അതാണ് പറയുന്നത്. വളരെ ഉൽക്കണ്ഠയുണ്ട്. അതുകൊണ്ട് ഈ സംഭവത്തിൽ മാത്രമല്ല ഇതുപോലെയുള്ള കെമിക്കൽ ഇൻഡസ്ട്രിയിൽ നിന്നും ഉണ്ടാകാവുന്ന തീപിടുത്തം ഉഗ്രപ്പെടെയുള്ള സംഭവങ്ങളും തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടതായ നടപടികളും സ്വീകരിക്കുകയും ഇന്ത്യാ ഗവൺമെന്റിന്റെ പ്രതിനിധികളുമായി സംസാരിച്ച് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യാമെന്ന് സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ : ഇപ്പോഴത്തെ അവിടത്തെ അവസ്ഥയെക്കുറിച്ചും (കമ്പനിക്കകത്തും പുറത്തും പൈപ്പ്ലൈനിനും ടാങ്കിനും പ്ലാന്റുകൾക്കുമുള്ള അവസ്ഥയെക്കുറിച്ച്) ഉണ്ടാകാൻ പോകുന്ന അപകടത്തെക്കുറിച്ചും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : അത് ചെയ്യാം. ഞാൻ തന്നെ അവിടെ പോയി ഇതിന്റെ സ്ഥിതി കണ്ടപ്പോഴും പൈപ്പ് ഇടുന്ന കാര്യത്തിലും മെറ്റീരിയൽസ് സൂക്ഷിക്കുന്ന കാര്യത്തിലും ഒക്കെയാതൊരു വിധത്തിലുമുള്ള നിയന്ത്രണമില്ല, ആവശ്യമായ സംരക്ഷണ വ്യവസ്ഥയില്ല എന്നു മനസ്സിലായി അതുകൊണ്ട്, അത് ഫൂർപ്പെടുത്തണമെന്ന് ഒരു ലേമാൻ എന്നുള്ള നിലയിൽ എനിക്ക് തോന്നിയ വികാരങ്ങളും ഞാൻ അവിടെ വച്ചു തന്നെ മാനേജ്മെന്റിനോട് പറയുകയുണ്ടായി. ഇനിയും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഇന്ന് സബ്മിഷൻ കൂടുതലുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർക്ക് സംസാരിക്കാൻ കൂടുതൽ അവസരം കൊടുക്കുന്നതിനുവേണ്ടി സബ്മിഷൻ കുറെയധികം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ഓട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ച കഴിഞ്ഞതിനുശേഷം മാത്രമേ സപ്ലിമെന്ററി ബില്ലിലേക്കും അതിന്റെ അനന്തരഘട്ടങ്ങളിലേക്കും നീങ്ങുവാൻ കഴിയുകയുള്ളു. സഭ അതിനോട് യോജിക്കുമെന്ന് ചെയർ കരുതുന്നു.

(സഭാംഗങ്ങൾ അതിനോട് യോജിച്ചു)

LIBRARY ARCHIVES Kerala Legislative Assembly